പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 7191

11.07.2014-ൽ

മറുപടിയ്ക്ക്

# കയർ തൊഴിലാളികൾക്ക് ക്ഷേമനിധി

| ചോദ്യം<br>ശ്രീ. പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കേരളത്തിൽ എത്ര കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ച സംഘങ്ങൾ എത്രയാണെന്നും അറിയി ക്കാമോ; പ്രസ്തുത സംഘ ങ്ങൾക്ക് നൽകിയ പ്രവർത്തന മൂലധനം സംബന്ധിച്ച വിശദാംശം നൽകുമോ; | എ)കേരളത്തിലെ കയർ മേഖലയിൽ 484 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 210 സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകിയിട്ടില്ല. |
| ബി) പ്രസ്തുത സംഘങ്ങളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നറിയിക്കുമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ച സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു വരുന്നതേയുള്ളൂ. ഇതിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുള്ള കായംകുളം കയർ പ്രോജക്ട് ഓഫീസിനു കീഴിലെ 2 സംഘങ്ങളിലായി 72 തൊഴിലാളികൾ ജോലി ചെയ്യുന്നു. |
| സി) പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വംനൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് എന്നറിയിക്കാമോ; | സി) പ്രസ്തുത സംഘങ്ങളിലെ 67 തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ട്. |
| ഡി) ക്ഷേമനിധിയിൽ അംഗത്വമില്ലാത്ത തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധി യിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ തൊഴിൽദിനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ 1.50 കോടിയോളം തൊഴിൽദിനങ്ങൾ നൽ കി യി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ